## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പര്‍ 294** 05.03.2012-ല്‍ മറുപടിയ്ക്ക്

**വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ നവീകരണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.വി.ശ്രേയംസ്കുമാര്‍ | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം വാണിജ്യ നികുതി ചെക്ക് പോസ്റ്റുകള്‍ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ചെക്ക്പോസ്റ്റുകള്‍ നവീകരിക്കുന്നതിന് നിരവധി പദ്ധതികള്‍ നടപ്പിലാക്കിയിട്ടുണ്ട്. വാഹന പരിശോധനയിലെ കാലതാമസം, ഗതാഗതകുരുക്ക് എന്നിവ ഒഴിവാക്കുകയും പരിശോധന കാര്യക്ഷമമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി അമരവിളയില്‍ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ചു പ്രവര്‍ത്തനമാരംഭിച്ചു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിര്‍ത്തി ചെക്ക് പോസ്റ്റിലൂടെ സംസ്ഥാനത്തിലേക്ക് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിന്‍/പിന്‍ ഡീലര്‍മാരുടെ മൊബൈല്‍ ഫോണില്‍ അലര്‍ട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏര്‍പ്പെടുത്തി. ഇതുമൂലം ഒരു ഡീലറുടെ ടിന്‍ ദുരുപയോഗം ചെയ്ത് മറ്റുള്ളവര്‍ ചരക്ക് കടത്തി കൊണ്ടുവരുന്നത് ഒഴിവാക്കുവാന്‍ കഴിയുന്നു. ചരക്കുകള്‍ ചെക്ക് പോസ്റ്റിലേക്ക് എത്തുന്നതിനു മുമ്പു |

(...............2)

തന്നെ വ്യാപാരി സമർപ്പിക്കുന്ന രേഖകളിലെ വിവരങ്ങൾ ശേഖരിക്കാനും ഇതിനെ ചരക്കുവാങ്ങുന്ന വ്യാപാരിയുടെ വിവരങ്ങളുമായി ബന്ധിപ്പിക്കാനും, വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള ചരക്കുനീക്കം സംബന്ധിച്ച കാര്യങ്ങൾ പരസ്പരം പരിശോധിക്കാനും കഴിയുന്ന തരത്തിൽ ഒരു സംയോജിത ചെക്ക് പോസ്റ്റ് ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി. അമരവിളയിൽ നടപ്പിലാക്കിയതുപോലെ സി.സി.ടി.വി. സംവിധാനവും സംയോജിത ചെക്ക് പോസ്റ്റ് സമ്പ്രദായവും സംസ്ഥാനത്തെ മറ്റു പ്രധാന ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു.

| | |
|---|---|
| (ബി) വയനാട് ജില്ലയിലെ മുത്തങ്ങ വാണിജ്യ നികുതി ചെക്ക് പോസ്റ്റ് വിപുലീകരണത്തിന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ? | (ബി) മുത്തങ്ങയിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനു വേണ്ടി 3.2213 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് ജി.ഒ.(എം.എസ്) നമ്പർ 22/2010/റ്റി.ഡി. തീയതി 25.01.2010 പ്രകാരവും ഔട്ട് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് 0.7 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് ജി.ഒ. (എം.എസ്) നമ്പർ 93/11/റ്റി.ഡി തീയതി 25.07.2011 പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ